മെയ് 2018

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

ഏപ്രിൽ മാസം 27-ാം തീയതി നമ്മുടെ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ 101-ാം ജന്മദിനമാണ്. ഒരു നൂറ്റാണ്ടുകാലം നമ്മോടു കൂടെ ആയിരിക്കുകയും നമുക്ക് ദൈവം നൽകിയ അനുഗൃഹീത വരദാനമായിരിക്കുകയും ചെയ്യുന്ന അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനിയെ ഇത്രത്തോളം ശക്തീകരിച്ച് വഴിനടത്തുന്ന സർവ്വശക്തനായ ദൈവത്തിന് നമുക്ക് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കാം. ഉന്നതമായ ദർശനങ്ങളുടെ മുത്തും പവിഴവും ഉൾക്കൊള്ളുന്ന സൂക്തങ്ങൾ നർമ്മപ്രഭാഷണങ്ങളിലൂടെ വാരിച്ചൊരിയുന്ന അഭിവന്ദ്യ തിരുമേനിയെ രാഷ്ട്രം ഇന്ന് പത്മഭൂഷൺ ബഹുമതി നൽകി ആദരിച്ചിരിക്കുകയാണല്ലോ. സുസ്മേരവദനനായി ഇന്ത്യയുടെ ആദരണീയനായ പ്രസിഡന്റിൽ നിന്നും ആ ബഹുമതി പത്രം അഭിവന്ദ്യ തിരുമേനി ഏറ്റുവാങ്ങിയ നിമിഷം നമുക്കേവർക്കും അഭിമാന പുളകിതമായ നിമിഷമായിരുന്നു. തിരുമേനിയുടെ ഡൽഹി യാത്ര തിരുമേനിയെ കൂടുതൽ ക്ഷീണിതനാക്കിയതിനാൽ നാട്ടിൽ മടങ്ങിയെത്തിയെങ്കിലും ഹാശാ ആഴ്ചയിലെ ശുശ്രൂഷകളിലൊന്നും പങ്കെടുക്കുവാൻ തിരുമേനിക്ക് കഴിഞ്ഞില്ല. എന്നാൽ പിന്നീട് ആരോഗ്യം വീണ്ടെടുത്ത് ചില പരിപാടികളിൽ തിരുമേനി പങ്കെടുക്കുകയുണ്ടായി. അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയുടെ കബറടക്ക ശുശ്രൂഷയിൽ ശാരീരികമായ ക്ഷീണം മറന്നും മൂന്നു ദിവസവും വന്ന് സംബന്ധിപ്പാനായുള്ള ആത്മബലവും ശക്തിയും തിരുമേനിയ്ക്ക് ലഭിച്ചതോർത്ത് ദൈവത്തെ സ്തുതിക്കാം. അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനിയുടെ ജന്മദിനമായ ഏപ്രിൽ 27-ാം തീയതി കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ച് രാവിലെ 8 മണിക്ക് വി. കുർബ്ബാന നടത്തപ്പെടുന്നതാണ്. അതിനു ശേഷം, ശുശ്രൂഷയിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രഭാതഭക്ഷണം കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ ഇടവക ക്രമീകരിച്ചിട്ടുണ്ട്. ഇപ്രകാരം ക്രമീകരണം ചെയ്ത ഇടവകയെ പ്രത്യേകം അഭിനന്ദിക്കുന്നു. അതിനെ തുടർന്ന്, ഒരു civic reception സഭയും സമൂഹവും ചേർന്ന് തിരുമേനി ജനിച്ചു വളർന്ന കോഴഞ്ചേരിയിൽ തന്നെ ക്രമീകരിപ്പാൻ ആഗ്രഹിച്ചെങ്കിലും സഭയുടെ പ്രത്യേക ക്ഷണം സ്വീകരിച്ച് ഇന്ത്യയുടെ ആദരണീയനായ വൈസ് പ്രസിഡന്റ് ശ്രീ. വെങ്കയ്യ നായിഡു, തിരുമേനിക്ക് നൽകുന്ന civic receptionൽ മുഖ്യാതിഥിയായി വന്ന് പങ്കെടുക്കാമെന്നറിയിച്ചതിനാൽ അദ്ദേഹത്തിന്റെ കൂടി സൗകര്യം പരിഗണിച്ച് ഏപ്രിൽ 30-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പ്രസ്തുത സ്വീകരണ സമ്മേളനം തിരുവല്ലായിലുള്ള ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ മെമ്മോറിയൽ ഹാളിൽ വെച്ച് നടത്തുവാൻ ക്രമീകരണം ചെയ്തിരിക്കുകയാണ്. അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനിയുടെ 101-ാം ജന്മദിനം ആഘോഷിപ്പാൻ, തിരുമേനിയെ ആദരിപ്പാൻ നമ്മുടെ ഈ തലമുറയ്ക്ക് ലഭിച്ച ഈ സൗഭാഗ്യത്തെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം.

നമ്മുടെ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ ഏപ്രിൽ 18-ാം തീയതി വെളുപ്പിന് 4.40 ന്, 2018 ലെ ജന്മദിനത്തിന് 8 ദിവസം മുൻപ് താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിലേക്ക് കടന്നു പോയി. തിരുമേനിയുടെ ജീവിതത്തിന്റെ ഒടുവിലത്തെ രണ്ടു മാസങ്ങൾ എറണാകുളത്തുള്ള ആശുപത്രിയിൽ നിന്നും റാന്നി അരമനയിലേക്ക് മടങ്ങി വരുവാൻ കഴിഞ്ഞതിൽ തിരുമേനി വളരെ സന്തുഷ്ടനായിരുന്നു. മടങ്ങിവന്ന ശേഷം ഒന്നിടവിട്ട ദിവസങ്ങളിൽ ആംബുലൻസിൽ ഡയാലിസിസിന് വിധേയനാകുവാൻ കുമ്പനാട് ആശുപത്രിയിലേക്ക് പോകുമായിരുന്നു. എന്നാൽ രണ്ടാഴ്ച കഴിഞ്ഞപ്പോൾ സ്വന്തം കാറിൽ തന്നെ കുമ്പനാട് ആശുപത്രിയിൽ പോയി വരുവാൻ തക്കവണ്ണമുള്ള ആരോഗ്യം തിരുമേനി പ്രാപിച്ചു. എഴുന്നേറ്റു നടപ്പാനും സാധാരണ രീതിയിൽ ഭക്ഷണം കഴിക്കുവാനുമുള്ള കൃപ ലഭിച്ചു. സ്വാഭാവികമായുള്ള സംസാരത്തിലേക്ക് തിരുമേനി മടങ്ങി. എന്നാൽ ചില വർഷങ്ങൾക്കു മുൻപ് തിരുമേനിയ്ക്ക് ചിക്കൻ പോക്സ് വന്നപ്പോൾ കരളിൽ രൂപപ്പെട്ട ഒരു ചെറിയ മുഴ വീണ്ടും സജീവമാവുകയും അതിലൂടെ ബ്ലീഡിംഗ് ഉണ്ടാകുകയും ചെയ്തു. അതിനെ തുടർന്ന് എറണാകുളത്തുള്ള സ്പെഷ്യാലിറ്റി ഹോസ്പിറ്റലായ പി.വി.സി ഹോസ്പിറ്റലിൽ തിരുമേനിയെ പ്രവേശിപ്പിച്ചു. ആ ഹോസ്പിറ്റലിന്റെ മേധാവിയും നമ്മുടെ മാർത്തോമ്മാ സഭാംഗവുമായ ഡോ. മാത്യു ഫിലിപ്പിന്റെ പരിരക്ഷയിൽ ഒരാഴ്ചയോളം ചികിൽസയ്ക്ക്

വിധേയനായി. രക്തസ്രാവം പരിഹരിക്കുന്നതിന്, തിരുമേനിയുടെ അപ്പോഴത്തെ ആരോഗ്യസ്ഥിതിയിൽ ഒരു ഓപ്പറേഷൻ സാധ്യമല്ലാതെ വന്നതിനാൽ രക്തസ്രാവം നിലയ്ക്കുന്നതിനായുള്ള മറ്റ് ചികിത്സകളാണ് നൽകിപ്പോന്നത്. രണ്ടു മൂന്നു ദിവസം ആശ്വാസം ലഭിച്ചിരുന്നു. ആ സമയത്ത് നാം സത്നായിലെ നമ്മുടെ സ്ഥാപനങ്ങളുടെ ജൂബിലി ആഘോഷപരിപാടികളിൽ പങ്കെടുക്കാൻ പോയിരിക്കുകയായിരുന്നു. ഞായറാഴ്ച അവിടുത്തെ പരിപാടികൾ കഴിഞ്ഞ് ജബൽപ്പൂർ വഴി ഡൽഹിയിൽ എത്തി ആ രാത്രി തന്നെ എറണാകുളത്തേക്ക് നാം മടങ്ങി വന്നു. അതിരാവിലെ വന്നതിനാൽ അല്പസമയം വിശ്രമിച്ചതിനു ശേഷം രാവിലെ 7 മണിയോടുകൂടി ആശുപത്രിയിൽ എത്തി. നാം ചെല്ലുന്ന വിവരം അറിയിച്ചിരുന്നതിനാൽ അത്താനാസ്യോസ് തിരുമേനി പല പ്രാവശ്യം കൂടെ നിന്നവരോട് "മെത്രാപ്പോലീത്താ തിരുമേനി എപ്പോഴാണ് വരുന്നത്"? എന്ന് സ്നേഹവായ്പോടെ പല പ്രാവശ്യം ചോദിച്ചതായി കൂടെ നിന്നവർ പറയുകയുണ്ടായി. രാവിലെ ഏഴു മണിക്ക് നാം തിരുമേനിയുടെ അടുക്കൽ ചെല്ലുമ്പോൾ രോഗത്തിന്റെ ക്ഷീണാവസ്ഥ പോലും മറന്ന് സുസ്മേരവദനനായിട്ടാണ് തിരുമേനി വളരെയധികം സ്നേഹവായ്പോടെ നമ്മെ സ്വീകരിച്ചത് എന്നത് ഹൃദയസ്പർശിയായ ഒരു അനുഭവം ആയിരുന്നു. തുടർന്ന് തിരുമേനി ഇപ്രകാരം പറഞ്ഞു "ദൈവഹിതമെങ്കിൽ സൗഖ്യത്തിന് അനിവാര്യമായ ഒരു ശസ്ത്രക്രിയയ്ക്ക് വിധേയനാകുവാൻ എനിക്ക് സമ്മതമാണെന്ന് ഡോക്ടർമാരോട് തിരുമേനി പറയണം". ഇക്കാര്യം നാം ഡോക്ടർമാരോട് സംസാരിക്കുകയും കുറച്ചുകൂടി ആരോഗ്യം പ്രാപിച്ച ശേഷം മാത്രമേ ഒരു ഓപ്പറേഷനെ കുറിച്ച് ചിന്തിക്കാൻ കഴിയുകയുള്ളൂ എന്ന ഡോക്ടർമാരുടെ പ്രതികരണം ലഭിക്കുകയും ചെയ്തു. എന്നാൽ അടുത്ത ദിവസം രാവിലെ ആയപ്പോഴേയ്ക്കും രക്തസ്രാവം മൂർച്ഛിക്കുകയും തിരുമേനി കൂടുതൽ ക്ഷീണാവസ്ഥയിലേക്ക് മാറുകയും ചെയ്തു. അന്ന് സന്ധ്യയായപ്പോഴേക്കും തിരുമേനിയുടെ രോഗാവസ്ഥ കൂടുതൽ ഗുരുതരമായിരിക്കുന്നു എന്നറിഞ്ഞപ്പോൾ രാത്രി തന്നെ എറണാകുളത്തെത്തി തിരുമേനിയെ കണ്ടു. എന്നാൽ അപ്പോഴേക്കും തിരുമേനി അബോധാവസ്ഥയിലേക്ക് മാറിക്കഴിഞ്ഞിരുന്നു. തിരുമേനി വെന്റിലേറ്ററിലേക്ക് മാറ്റപ്പെട്ടിരുന്നു. 2018 ഏപ്രിൽ 18-ാം തീയതി വെളുപ്പിന് 4.40 ന് ധന്യമായ ഒരു ജീവിതം കൃപയുടെ ധന്യതയോടുകൂടി ജീവിച്ച ആ ദീപം പൊലിഞ്ഞു. തുടർന്ന് സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ച് ഭൗതീക ശരീരം ഇളംകുളം മാർത്തോമ്മാ പള്ളിയിൽ രാവിലെ 8 മണി മുതൽ 11 മണി വരെ പൊതുദർശനത്തിനായി വെച്ചു. അതിനുശേഷം തിരുവല്ലായിലേക്ക് ആദരപൂർവ്വം കൊണ്ടുവരികയും ചെയ്തു. ഉച്ചകഴിഞ്ഞ് രണ്ടര മണിയോടുകൂടി തിരുവല്ല സെന്റ് തോമസ് പള്ളിയിൽ ഭൗതീക ശരീരം പൊതു ദർശനത്തിനായി വയ്ക്കുകയും കബറടക്ക ശുശ്രൂഷയുടെ ഒന്നാം ഭാഗം ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. അന്നും പിറ്റേ ദിവസവും ഏപ്രിൽ 20-ാം തീയതി വെള്ളിയാഴ്ച രാവിലെ വരെയും പൊതുദർശനത്തിന് അവസരമൊരുക്കിയിരുന്നു. വിവിധ സഭകളിലെ മേൽപട്ടക്കാരും രാഷ്ട്രീയ സാമൂഹിക മേഖലകളിലെ പ്രമുഖരും ഉൾപ്പെടെയുള്ള അനേകം പേർ തിരുമേനിയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. ഉന്നതമായ ദർശനങ്ങൾ ഹൃദ്യമായ പ്രഭാഷണ ശൈലിയിലൂടെ വിശ്വാസ സമൂഹത്തിന് പകർന്നുകൊടുക്കുന്ന തിരുമേനിയുടെ ഉജ്ജ്വലമായ പ്രഭാഷണ ശൈലിയെക്കുറിച്ച് എല്ലാവരുടെയും പ്രസംഗങ്ങളിൽ പ്രത്യേകം എടുത്തു പറഞ്ഞിരുന്നു. ഈ ദിവസങ്ങളിലെല്ലാം നമ്മുടെ സഭയിലെ എല്ലാ തിരുമേനിമാരും തങ്ങളുടെ അനുഗൃഹീതമായ സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും കബറടക്ക ശുശ്രൂഷയുടെ ഓരോ ക്രമീകരണത്തെയും ഏറെ അനുഗൃഹീതമാക്കി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. കബറടക്ക ശുശ്രൂഷയുടെ ഭാഗമായുള്ള എല്ലാ ക്രമീകരണങ്ങളും സമുചിതമായി നിർവ്വഹിപ്പാൻ തക്കവണ്ണം കഠിനാദ്ധ്വാനം ചെയ്ത ഏവരോടുമുള്ള സഭയുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു. അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ ദർശനങ്ങളും തിരുമേനിയെക്കുറിച്ചുള്ള സ്മരണകളും മലങ്കര മാർത്തോമ്മാ സുറിയാനി സഭ എന്നും ആദരവോടെ അനുസ്മരിക്കും.

കഴിഞ്ഞ മാസം സഭയുടെ നിരവധി സ്ഥാപനങ്ങളിലും ഇടവകകളിലും ജൂബിലി സമ്മേളനങ്ങൾ നടന്നു. സത്നായിലുള്ള നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജൂബിലിയിൽ പങ്കെടുക്കുവാൻ കഴിഞ്ഞത് വളരെ അനുഗൃഹീതമായ ഒരു അനുഭവമായിരുന്നു. 100 വിദ്യാർത്ഥിനികൾക്ക് താമസിക്കുവാനുള്ള ഹോസ്റ്റലിന്റെ കൂദാശ നടത്തുവാനും സത്നായിലുള്ള റയിൽവേ കോളനിയിലുള്ള പള്ളിയിൽ ആരാധിച്ചിരുന്ന നമ്മുടെ സഭാംഗങ്ങൾക്കുവേണ്ടി ക്യാമ്പസിൽ തന്നെ നിർമ്മിച്ച പുതിയ പള്ളിയുടെ കൂദാശ നിർവ്വഹിപ്പാനും ഇടയായി. നമ്മുടെ മിഷൻ ഫീൽഡുകളിലെ ആദ്യത്തെ എയർകണ്ടീഷൻ ചെയ്ത പള്ളിയാണിത്. സത്നായിലേക്കുള്ള യാത്രാമധ്യേ സിഹോറാ ആശ്രമവും നാം സന്ദർശിക്കുകയുണ്ടായി. ബൽഗാമിലെ ഇടവകയുടെ ഗോൾഡൻ ജൂബിലി ആഘോഷ പരിപാടികളിൽ പങ്കെടുക്കാൻ കഴിഞ്ഞത് വളരെ സന്തോഷകരമായ ഒരു അനുഭവമായിരുന്നു. 15 കുടുംബങ്ങൾ മാത്രമുള്ള ഒരു ചെറിയ ഇടവകയത്രെ ഇത്. എന്നാൽ ഏറ്റവും മികവാർന്ന രീതിയിലാണ് ജൂബിലി ആഘോഷ പരിപാടികൾ അവിടെ ക്രമീകരിച്ചിരുന്നത്. ജൂബിലി ആഘോഷ പരിപാടികളുടെ ഭാഗമായി ഒന്നരലക്ഷത്തോളം രൂപ രോഗികളുടെ ചികിത്സയ്ക്കുള്ള സഹായമായും അർഹരായവർക്കുള്ള വിദ്യാഭ്യാസ സഹായമായും ഇതര സാമൂഹിക പ്രവർത്തനങ്ങൾക്കായും പ്രത്യേകം വേർതിരിച്ചു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഇപ്പോൾ അവിടെയുള്ള വിവിധ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളും നമ്മുടെ ഈ പള്ളിയിലെ ആരാധനയിൽ പങ്കെടുക്കുകയും വിവിധ പരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു എന്നത് ഏറെ അഭിമാനകരമത്രെ.

കുവൈറ്റ് അഹമ്മദി ഇടവകയുടെ ഇപ്പോഴത്തെ ആരാധനാ സ്ഥലത്തിന്റെ സ്ഥല പരിമിതി പരിഗണിച്ചും നമ്മുടെ സഭാംഗങ്ങൾ അവിടെ കൂടുതലായി വന്നു ചേരുന്നതിനാലും ഏപ്രിൽ 1 മുതൽ ആ ഇടവകയെ 2 ഇടവകകളായി വിഭജിക്കുകയുണ്ടായി. 2 ഇടവകകളിലേയും ശുശ്രൂഷകൾ ഏറെ അനുഗ്രഹിക്കപ്പെടുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കുവൈറ്റിലെ സിറ്റി പാരീഷിന് സൗകര്യമായ ഒരു ആരാധനാസ്ഥലമുണ്ടായിരുന്നത് നഷ്ടപ്പെട്ടു എങ്കിലും താൽക്കാലികമായി ഒരു സ്ഥലസൗകര്യം ഉണ്ടാക്കുവാൻ ദൈവം കൃപ ചെയ്തു. കൂടുതൽ സൗകര്യപ്രദമായ ഒരു സ്ഥലം ലഭ്യമാകേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം. മലയാറ്റൂരിന് കിഴക്ക് ഭാഗത്ത് ഇല്ലിത്തോട് മാർത്തോമ്മാ ഇടവകയുടെ പുനർനിർമ്മാണം കഴിഞ്ഞ പള്ളിയുടെ കൂദാശ വളരെ അനുഗൃഹീതമായി നടത്തപ്പെട്ടു. പതിനഞ്ചു കുടുംബങ്ങൾ മാത്രമുള്ള ഈ ഇടവക 30 ലക്ഷം രൂപ ചെലവഴിച്ചാണ് പുതിയ പള്ളി നിർമ്മിച്ചത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കുടിയേറ്റ പ്രദേശമായ ഈ പ്രദേശത്തുള്ളത് കർഷകരും

സാധാരണക്കാരുമായ ആളുകളാണ്. ഈ പള്ളിയുടെ നിർമ്മാണത്തിൽ എറണാകുളം സെന്ററിലെ ഇടവകകളുടെ സഹകരണം ലഭിച്ചത് പ്രോത്സാഹനജനകമായിരുന്നു.

മലങ്കര യാക്കോബായ സുറിയാനിസഭയുടെ മുളന്തുരുത്തി സെമിനാരിയുടെ കോൺവൊക്കേഷനിൽ ബിരുദദാനപ്രസംഗം നാം നടത്തുകയുണ്ടായി. അഭിവന്ദ്യരായ ശ്രേഷ്ഠ ബാവാതിരുമേനിയുടെയും തെയോഫിലോസ് തിരുമേനിയുടെയും സാന്നിധ്യത്തിൽ നടന്ന ആ സമ്മേളനത്തിൽ 17 വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

നമ്മുടെ നിക്കോൾസൺ സ്കൂളിന്റെ പ്രവർത്തനങ്ങൾ പുനരുദ്ധരിക്കുന്നതിനായി പ്രത്യേകം നിയമിച്ച ബോർഡിന്റെ നേതൃത്വത്തിൽ സ്കൂളിന്റെ സമസ്ത മേഖലകളിലും മികവുറപ്പാക്കുന്ന പ്രവർത്തനങ്ങളും ക്രമീകരണങ്ങളും ചെയ്തുവരികയാണ്. കുട്ടികളുടെ താമസസ്ഥലം കൂടുതൽ ആധുനികമാക്കുന്നതിനും ഭക്ഷണ ക്രമീകരണങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ക്യാമ്പസ് ഏറെ ആകർഷകമാക്കുന്നതിനും കളിസ്ഥലവും സ്റ്റേഡിയവും നിർമ്മിക്കുന്നതിനും ശ്രമിച്ചു വരുന്നു. ദീർഘവർഷക്കാലം ശ്രേഷ്ഠമായ നേതൃത്വം നൽകിയ ഇപ്പോഴത്തെ പ്രിൻസിപ്പൽ ശ്രീമതി സൂസമ്മ നിശ്ചിത പ്രായപരിധി കഴിയുന്നതിനാൽ സജീവ സേവനത്തിൽ നിന്നും വിരമിക്കുകയാണ്. പുതിയ പ്രിൻസിപ്പലായി നിയമിതയായിരിക്കുന്നത് പത്തനംതിട്ട മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂളിന്റെ മുൻ പ്രിൻസിപ്പലായിരുന്ന ശ്രീമതി അനു കുര്യനാണ്. യശ്ശഃശരീരനായ റവ. ജോർജ്ജ് കെ. ദാനിയേലിന്റെ ബസ്ക്യാമയാണ് ശ്രീമതി അനു കുര്യൻ. പുതിയ നേതൃത്വത്തിൻ കീഴിൽ കൂടുതൽ മികവാർജ്ജിക്കുവാൻ നിക്കോൾസൺ സ്കൂളിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഈ ക്യാമ്പസിൽ തന്നെ സി.ബി.എസ്.ഇ സിലബസിലും നമ്മുടെ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പെൺകുട്ടികൾ ഉന്നതമായ ജീവിതമൂല്യങ്ങളോടും ശ്രേഷ്ഠമായ സംസ്കാരത്തോടും കൂടി വളർന്നുവരുന്നതിന് നിക്കോൾസണിൽ ഇപ്പോൾ ക്രമീകരിക്കുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് ഏറെ അഭികാമ്യമായിരിക്കും എന്ന് ഓർമ്മിപ്പിക്കട്ടെ.

മെയ്ദിനാചരണത്തോടുകൂടിയാണല്ലോ മെയ് മാസം ആരംഭിക്കുന്നത്. ലോകമെമ്പാടും തൊഴിലാളികളോടുള്ള ഐക്യദാർഢ്യത്തിന്റെ അടയാളമായിട്ടാണല്ലോ മെയ്ദിനം ആചരിക്കപ്പെടുന്നത്. നമ്മുടെ കർത്തവ്യങ്ങൾ നിറവേറ്റുമ്പോൾ ഭാരവും പ്രയാസവും ചിലപ്പോൾ അനുഭവപ്പെട്ടെന്നു വന്നേക്കാം. എന്നാൽ "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവീൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നു പറഞ്ഞ കർത്താവിനോടുകൂടെ ചേർന്ന് നിന്ന് ഉത്തരവാദിത്വങ്ങൾ നിർവഹിപ്പാൻ ദൈവം കൃപ പകരട്ടെ. കാലം ചെയ്ത അഭിവന്ദ്യ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി പ്രവർത്തന മേഖലകളിലെ നമ്മുടെ ദർശനം എന്തായിരിക്കണം എന്നതിനെക്കുറിച്ച് പറഞ്ഞ വാക്കുകൾ ചിന്തോദ്ദീപകമാണ്. തിരുമേനി ഇപ്രകാരം പറഞ്ഞു "Let God be first. Others be second. Smallest letter in the English alphabet I, the greatest reality in our own self will be least".ഏതൊരു ശുശ്രൂഷയിലും ആയിരിക്കുന്ന എല്ലാവർക്കും അനുകരണീയമായ പ്രബോധനമത്രെ ഇത്. മെയ് 6-ാം തീയതി ഞായറാഴ്ച ഭൂ-ഭവനദാന ദിനമാണ്. കരുതലിൽ പങ്കാളികളാകുവാനുള്ള ക്രിസ്തു ക്ഷണത്തെക്കുറിച്ചാണ് അന്ന് നാം ധ്യാനിക്കുന്നത്. സക്കായിയുടെ ദർശനത്തിൽ വന്ന രൂപാന്തരം ഈ സുവിശേഷഭാഗത്ത് നാം കാണുന്നു. മെയ് 8-ാം തീയതി ചൊവ്വ മാർ യോഹന്നാൻ ശ്ലീഹാ നാളാണ്. കുരിശിൽ കിടന്നുകൊണ്ട് നമ്മുടെ കർത്താവ് തന്റെ അമ്മയെ ഭരമേല്പിക്കുന്നത് ഒരു യൗവ്വനക്കാരനായ യോഹന്നാനെയാണ്. തന്റെ മാതാവിനോടുള്ള കർത്തവ്യങ്ങൾ നിർവ്വഹിപ്പാൻ യേശു കണ്ടെത്തിയത് യേശു സ്നേഹിച്ച ശിഷ്യനെ തന്നെയായിരുന്നു എന്നത് ശ്രദ്ധേയമായ ഒരു കാര്യം തന്നെയാണ്. മെയ് 10 വ്യാഴം സ്വർഗ്ഗാരോഹണ പെരുനാളാണ്. യേശു സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകത്തിൽ വർണ്ണിക്കുന്നതുപോലെ ഒരു മേഘം വന്ന് യേശുവിനെ മൂടുകയാണ് ചെയ്യുന്നത്. മേഘതമസ്സ് ദൈവസാന്നിധ്യത്തിന്റെ സൂചനയാണ്. സീനായ് മലയിൽ ദൈവം മോശയോടു സംസാരിക്കുന്നത് മേഘതമസ്സിൽ നിന്നുകൊണ്ടാണ്. അതുകൊണ്ടാണ് പൗരസ്ത്യസഭയിൽ വിശുദ്ധ ഏവൻഗേലിയോൻ വായിക്കുമ്പോൾ മേഘതമസ്സിലൂടെ സുവിശേഷഭാഗം നാം കേൾക്കുന്നു എന്നതിന്റെ പ്രതീകാത്മകമായിട്ടാണ് ധൂപം വലത്തുഭാഗത്ത് നിന്നുകൊണ്ട് വീശുന്നത് എന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്. മെയ് 13 ഞായർ പരിശുദ്ധാത്മാവിനായുള്ള ജാഗരണത്തെക്കുറിച്ച് ചിന്തിക്കുന്നു. മെയ് 20-ാം തീയതി ഞായറാഴ്ച പെന്തുക്കുസ്തി പെരുന്നാളിൽ "പരിശുദ്ധാത്മാവേ വരിക ഞങ്ങളെ പുതുക്കുക" എന്ന പ്രാർത്ഥനയിലാണ് സഭയായി പങ്കു ചേരുന്നത്. പെന്തെക്കുസ്തി പെരുന്നാളിന്റെ പ്രത്യേക ശുശ്രൂഷാക്രമത്തിൽ 'സെദറ' പ്രാർത്ഥനയിൽ സഭയുടെ വിശ്വാസം ഉറപ്പായി പ്രഖ്യാപിക്കുന്നുണ്ട്. "പിതാവും പുത്രനും വിശുദ്ധ റൂഹായുമായ ഏക സ്വഭാവവും, ഏക അധികാരവും ഏക ഇഷ്ടവുമായിരിക്കുന്ന സത്യേക ദൈവവും താനാകുന്നു. തന്നിൽ ക്നൂമ്മാ കൂടാതെ നാമമില്ല. ക്നൂമ്മാ തമ്മിൽ പ്രായവ്യത്യാസമോ വലിപ്പചെറുപ്പമോ ഇല്ല". നിഖ്യാവിശ്വാസപ്രമാണത്തിൽ നാം സഭയുടെ വിശ്വാസം പ്രഖ്യാപിക്കുമ്പോൾ ഇപ്രകാരം പ്രഖ്യാപിക്കുന്നു "പിതാവിൽ നിന്ന് പുറപ്പെട്ട്, പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട്, സ്തുതിക്കപ്പെടുന്നവനും, നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ, ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും അപ്പോസ്തോലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു". ത്രിത്വോപദേശത്തിൽ വൈരുദ്ധ്യങ്ങൾക്കപ്പുറത്തായി നാം കാണുന്ന ഏകത്വബോധം സഭകൾ തമ്മിലുള്ള ബന്ധത്തിലും സഭാജനങ്ങൾ തമ്മിലുള്ള ബന്ധത്തിലും രൂപപ്പെടുമ്പോഴാണ് സഭയ്ക്ക് ഒരുമയോടുകൂടി അതിന്റെ സാക്ഷ്യം നിർവ്വഹിക്കുവാൻ കഴിയുന്നത്. മെയ് 27 ഞായറാഴ്ച ത്രിത്വ ഞായറായി നാം ആചരിക്കുമ്പോൾ ഈ ദർശനം നമ്മെ ഭരിക്കട്ടെ. അന്നേ ദിവസം ദിവ്യസംഗീത ഞായറായും സഭ വേർതിരിച്ചിരിക്കുന്നു. നമ്മുടെ സഭയുടെ അഭിമാനമായ ഡി.എസ്.എം.സി. യിലൂടെ നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം.

"ദൈവമേ, നിന്റെ കൃപയാൽ ഭൂലോകത്തെ രൂപാന്തരപ്പെടുത്തേണമേ".

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ



പുലാത്തീൻ,
25-04-2018

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**